# COCHIN UNIVERSITY OF SCIENCE AND TECHNOLOGY

## CONFIRMED MINUTES OF THE MEETING OF THE SENATE HELD ON 22.11.2014

**Venue** : **Senate Hall**
**University Administrative Office**

**Time** : **10.00 a.m.**

***Members Present:***

1. Dr. J. Letha
   Vice-Chancellor (in the Chair)
2. Dr. K. Poulose Jacob
   Pro-Vice-Chancellor
3. Dr. V.H. Abdul Salam
4. Sri. Ansar M.S.
5. Sri. P.I. Basheer
6. Dr.A.B. Bhasi
7. Dr. K. Girish Kumar
8. Sri. S. Harikumar
9. Sri. Harilal
10. Dr. Joseph John
11. Adv. Kabeer K.K
12. Sri. M.M. Lawrence
13. Prof. Lopus Mathew
14. Dr.G. Madhu
15. Dr. A. Mohamuda Beegum
16. Dr. A. Mujeeb
17. Sri. Nazimuddin T.S.
18. Prof. (Dr.) K. Sajan
19. Dr. P.G. Sankaran
20. Dr. Sasi Gopalan
21. Sri. N.L. Sivakumar
22. Dr. Sunil K. Narayanankutty
23. Sri. Sunny P. Jose
24. Dr. P. Suresh Kumar
25. Sri. Tony Raphy
26. Dr. N. Vijayan Pillai
27. Dr. K.A. Zakkariya

**Also Present:**

1. Dr. David Peter S.
   Registrar
2. Smt.Hema B. Nair
   Joint Registrar (Academic)

The Chairperson welcomed all the members and then took up the Agenda for consideration.

## I ANSWERING OF THE QUESTIONS

*<u>ചോദ്യം 1: ശ്രീ. നസ്സിമുദ്ദീൻ റ്റി.എസ്.</u>*

a. നിലവിൽ യൂണിവേഴ്സിറ്റി സെനറ്റിൽ എത്ര അംഗങ്ങളാണുള്ളത്?

b. കഴിഞ്ഞ ഒരു വർഷം വിളിച്ചു ചേർത്ത സെനറ്റ് മീറ്റിംഗുകളിൽ ഓരോ തീയതിയിലെ മീറ്റിംഗിലും എത്ര അംഗങ്ങൾ പങ്കെടുത്തു? എത്ര അംഗങ്ങൾ ഹാജരായിരുന്നില്ല?

c. സെനറ്റ് മീറ്റിംഗിൽ അംഗങ്ങളുടെ ഹാജർനില കുറവ് വരുന്നതിന്റെ കാരണങ്ങൾ വല്ലതും ഉള്ളതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

d. സെനറ്റ് അംഗങ്ങൾ പരമാവധി പങ്കെടുക്കുമെന്നുറപ്പ് വരുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

*<u>ഉത്തരം: പ്രൊഫ. ലോപ്പസ് മാത്യു</u>*

a. യൂണിവേഴ്സിറ്റി സെനറ്റിൽ നിലവിൽ 58 അംഗങ്ങളാണുള്ളത്.

b. കഴിഞ്ഞ ഒരു വർഷം നടന്ന സെനറ്റ് മീറ്റിങ്ങിന്റെ ഹാജർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നം. | സെനറ്റ് മീറ്റിംഗ് നടന്ന തീയതി | പങ്കെടുത്തവരുടെ എണ്ണം | ഹാജരാകത്തവരുടെ എണ്ണം |
|---|---|---|---|
| 1. | 23.09.2013 | 43 | 16 |
| 2. | 15.02.2014 | 22 | 37 |
| 3. | 28.06.2014 | 26 | 33 |

c. ഇല്ല.

d. CUSAT സ്റ്റാറ്റ്യൂട്ട് അനുശാസിക്കുന്ന തരത്തിൽ നടപടികൾ സ്വീകരിക്കാറുണ്ട്.

കഴിഞ്ഞ കുറെ സെനറ്റ് മീറ്റിംഗുകളിൽ പങ്കെടുക്കുന്ന അംഗങ്ങളുടെ എണ്ണം വളരെ കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടതുകൊണ്ടാണ് ഈ ചോദ്യം ഉന്നയിച്ചതെന്നും, സെനറ്റ് പല പ്രധാനപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യപ്പെടുന്ന വേദിയാണെന്നും അതിനാൽ അംഗങ്ങൾ സജീവമായി പങ്കെടുക്കേണ്ടതാണെന്നും അതുകൊണ്ട് ഓരോ അംഗവും ഇക്കാര്യത്തിൽ ഒരു ആത്മവിമർശനം നടത്തണമെന്നും ശ്രീ. നസ്സിമുദ്ദീൻ റ്റി.എസ്. അഭിപ്രായപ്പെട്ടു. ഇക്കാര്യത്തിൽ സിൻഡിക്കേറ്റിന്റെ ഭാഗത്തുനിന്നും ശ്രമം ഉണ്ടാകണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സെനറ്റ് മീറ്റിംഗിലെ നിർദ്ദേശങ്ങൾ നടപ്പാക്കാൻ സിൻഡിക്കേറ്റിൻെറ ഭാഗത്തുനിന്നും വേണ്ടത്ര ശ്രദ്ധയുണ്ടാകണമെന്നും, അതുപോലെ സെനറ്റ് മീറ്റിംഗ് കഴിഞ്ഞ് ഉടനെ തന്നെ അഷ്വറൻസ് കമ്മിറ്റി വിളിക്കേണ്ടതാണെന്നും ഡോ.ശശി ഗോപാലൻ ശ്രദ്ധയിൽപ്പെടുത്തി.